# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3312** **22/08/2017-ന് മറുപടിക്ക്**

**<u>പത്തനംതിട്ട ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷ</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.എസ്.ശബരീനാഥൻ

**<u>ഉത്തരം</u>**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി. നടത്തിയ പത്തനംതിട്ട ജില്ലയിലെ ലോവർ ഡിവിഷൻ ക്ലാർക്ക് പരീക്ഷയിലെ ചോദ്യങ്ങളിൽ ഒരു ഗൈഡിലെ ചോദ്യങ്ങൾ അതേപടി ആവർത്തിച്ച് വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ ജില്ലയിൽ വീണ്ടും പരീക്ഷ നടത്തുമോ; | (എ)യും<br>(ബി)യും | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളെ സംബന്ധിച്ച് നിഗമനങ്ങളും വിഭിന്ന അഭിപ്രായങ്ങളും ഉണ്ടാകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരാതി ഉന്നയിക്കുവാനുള്ള സംവിധാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരുക്കിയിട്ടുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ധസമിതി പരിശോധിച്ച ശേഷം കമ്മിഷൻ ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്.<br><br>ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ/ പരിചയ യോഗ്യതകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങളാണ് ആ തസ്തികയുടെ തെരഞ്ഞെടുപ്പിന് വേണ്ടി നടത്തുന്ന മൽസര പരീക്ഷയിൽ പ്രധാനമായും ഉൾപ്പെടുത്തുന്നത്. ബന്ധപ്പെട്ട കോഴ്സ് |
| (ബി) | പി.എസ്.സി.യിൽ ഇത്തരം അപാകതകൾ മുൻപും ഉണ്ടായിട്ടുള്ളതിനാൽ ഈ പിഴവ് ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കുമോ; ചോദ്യങ്ങൾ തയ്യാറാക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് പാലിക്കാത്തവരെ ചോദ്യങ്ങൾ തയ്യാറാക്കുന്നതിൽ നിന്നും ഒഴിവാക്കി പരീക്ഷ നടത്തിപ്പ് കാര്യക്ഷമമാക്കുമോ; വിവരങ്ങൾ | | |

| | | | |
|---|---|---|---|
| | നൽകാമോ? | | നടത്തുന്ന സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ /സർവ്വകലാശാല കളിലെ അദ്ധ്യാപകരുടെയും സർക്കാർ സ്ഥാപനങ്ങളിലെ വിദഗ്ധരുടെയും സേവനം പ്രയോജനപ്പെടുത്തിയാണ് ചോദ്യങ്ങൾ തയ്യാറാക്കുന്നത്. അതീവ രഹസ്യ സ്വഭാവത്തോടുകൂടി തയ്യാറാക്കപ്പെടുന്ന ചോദ്യപേപ്പർ പരീക്ഷ നടക്കുന്ന സമയംവരെ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ തുറന്ന് പരിശോധിക്കാൻ കഴിയുകയില്ല. ഏതാനും ചില പരാതികൾ ഉയർന്നു എന്ന കാരണത്താൽ പരീക്ഷ റദ്ദുചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല. |

സെക്ഷൻ ഓഫീസർ